**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 611** — **30-01-2024 - ൽ മറുപടിയ്ക്ക്**

**ട്രാക്കോ കേബിൾ കമ്പനി നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനമായ ട്രാക്കോ കേബിൾ കമ്പനി നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനും കമ്പനിയുടെ പുനരുദ്ധാരണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് നേരിടുന്ന പ്രതിസന്ധികൾ സർക്കാരിന്റെ ശ്രദ്ധയിൽ പെടുകയും ആയത് അവലോകനം ചെയ്യുന്നതിനും അതിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാർ, കമ്പനിയിലെ അംഗീകൃത ട്രേഡ് യൂണിയനുകളെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചകൾ കമ്പനി തലത്തിലും സർക്കാർ തലത്തിലും നടത്തിയിട്ടുണ്ട്. കമ്പനിയുടെ ബാങ്ക് അക്കൗണ്ട് എൻ.പി.എ സ്റ്റാറ്റസ് ആയതിനെ തുടർന്ന അത് റെഗുലറൈസ് ചെയ്യുവാൻ വേണ്ടി സർക്കാർ 7.50 കോടി രൂപ അനുവദിക്കുകയും അതിന്റെ ഫലമായി കമ്പനിയുടെ ബാങ്ക് അക്കൗണ്ടിന്റെ എൻ.പി.എ സ്റ്റാറ്റസ് മാറുകയും ചെയ്തു. ട്രാക്കോ കേബിൾ കമ്പനിയുടെ പുനരുജ്ജീവനത്തിനായി ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമഷനുമായി കൂടിയാലോചിച്ച് ഒരു പദ്ധതി തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (സി) | ട്രാക്കോ കേബിൾ കമ്പനി നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 19.10.2023-ന് ബഹുമാനപ്പെട്ട മന്ത്രി വിളിച്ചു ചേർത്ത യോഗത്തിന്റെ തീരുമാനങ്ങൾ അറിയിക്കാമോ; | (സി) | 19.10.2023 ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങളും കൈക്കൊണ്ട നടപടികളും ചുവടെ ചേർക്കുന്നു.<br><br>**1.** കമ്പനിയുടെ ബാങ്ക് അക്കൗണ്ട് റെഗുലറൈസ് ചെയ്ത് എൻ.പി.എ സ്റ്റാറ്റസ് മാറ്റിയെടുക്കുവാൻ സാധിച്ചാൽ ഒക്ടോബർ മാസം അവസാനത്തോടെ ജീവനക്കാർക്ക് ഒരു മാസത്തെ ശമ്പളം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | | | നടപടി - കമ്പനിയുടെ അക്കൗണ്ട് റെഗുലറൈസ് ചെയ്യുവാൻ വേണ്ടി സർക്കാർ 7.50 കോടി രൂപ അനുവദിക്കുകയും അതിന്റെ ഫലമായി കമ്പനിയുടെ ബാങ്ക് അക്കൗണ്ടിന്റെ എൻ.പി.എ സ്റ്റാറ്റസ് 29.11.2023 ൽ മാറുകയും തുടർന്ന് തൊഴിലാളികൾക്ക് 30.11.2023 ൽ ഒരു മാസത്തെ ശമ്പളം നൽകിയിട്ടുമുണ്ട്.<br><br>2. കമ്പനി പൂർണതോതിൽ പ്രവർത്തിച്ച് തുടങ്ങുന്നതോടുകൂടി കുടിശ്ശികയുള്ള ശമ്പളം ജീവനക്കാർക്ക് നൽകുന്നതാണ്.<br><br>നടപടി - കമ്പനി പൂർണതോതിൽ പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തതിനാൽ ഈ തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.<br><br>3. പിണറായി, തിരുവല്ല യൂണിറ്റുകൾ പൂർണ്ണതോതിൽ മുഴുവൻ ഷിഫ്റ്റിലും പ്രവർത്തിപ്പിച്ച് ലാഭം നേടിയെടുക്കുന്നതിലേക്കായി ഇരുമ്പനം യൂണിറ്റിലെ തൊഴിലാളികളെ ആവശ്യകതയനുസരിച്ച് പുനർവിന്യസിക്കാവുന്നതാണ്. ആയതിന് സുതാര്യമായ ഒരു മാനദണ്ഡം ബി.പി.റ്റിയുടെ മേൽനോട്ടത്തിൽ രൂപീകരിക്കേണ്ടതാണ്.<br><br>നടപടി - പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പിണറായി, തിരുവല്ലാ യൂണിറ്റുകൾ പൂർണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ തീരുമാനം നടപ്പിലാക്കിയിട്ടില്ല. |
| (ഡി) | പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ഡി) | 19.10.2023 ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങളും കൈക്കൊണ്ട നടപടികളും ചുവടെ ചേർക്കുന്നു.<br><br>**1.** കമ്പനിയുടെ ബാങ്ക് അക്കൗണ്ട് റെഗുലറൈസ് ചെയ്ത് എൻ.പി.എ സ്റ്റാറ്റസ് മാറ്റിയെടുക്കുവാൻ സാധിച്ചാൽ ഒക്ടോബർ മാസം അവസാനത്തോടെ ജീവനക്കാർക്ക് ഒരു മാസത്തെ ശമ്പളം നൽകുന്നതാണ്.<br><br>നടപടി - കമ്പനിയുടെ അക്കൗണ്ട് റെഗുലറൈസ് ചെയ്യുവാൻ വേണ്ടി സർക്കാർ 7.50 കോടി രൂപ അനുവദിക്കുകയും അതിന്റെ ഫലമായി കമ്പനിയുടെ ബാങ്ക് അക്കൗണ്ടിന്റെ എൻ.പി.എ സ്റ്റാറ്റസ് 29.11.2023 ൽ മാറുകയും തുടർന്ന് തൊഴിലാളികൾക്ക് 30.11.2023 ൽ ഒരു മാസത്തെ ശമ്പളം നൽകിയിട്ടുമുണ്ട്.<br><br>2. കമ്പനി പൂർണതോതിൽ പ്രവർത്തിച്ച് തുടങ്ങുന്നതോടുകൂടി കുടിശ്ശികയുള്ള ശമ്പളം |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്ക് നൽകുന്നതാണ്.<br><br>നടപടി - കമ്പനി പൂർണതോതിൽ പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തതിനാൽ ഈ തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.<br><br>3. പിണറായി, തിരുവല്ല യൂണിറ്റുകൾ പൂർണ്ണതോതിൽ മുഴുവൻ ഷിഫ്റ്റിലും പ്രവർത്തിപ്പിച്ച് ലാഭം നേടിയെടുക്കുന്നതിലേക്കായി ഇരുമ്പനം യൂണിറ്റിലെ തൊഴിലാളികളെ ആവശ്യകതയനുസരിച്ച് പുനർവിന്യസിക്കാവുന്നതാണ്. ആയതിന് സുതാര്യമായ ഒരു മാനദണ്ഡം ബി.പി.റ്റിയുടെ മേൽനോട്ടത്തിൽ രൂപീകരിക്കേണ്ടതാണ്.<br><br>നടപടി - പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പിണറായി, തിരുവല്ലാ യൂണിറ്റുകൾ പൂർണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ തീരുമാനം നടപ്പിലാക്കിയിട്ടില്ല. |
| (ഇ) | ജീവനക്കാരുടെ മുടങ്ങിക്കിടക്കുന്ന ശമ്പളവും റിട്ടയർമെന്റ് ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; അവ എത്ര സമയത്തിനുള്ളിൽ ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (ഇ) | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലമാണ് കമ്പനിക്ക് യഥാസമയം തൊഴിലാളികൾക്ക് ശമ്പളവും വിരമിക്കൽ ആനുകൂല്യങ്ങളും നൽകുവാൻ സാധിക്കാത്തത്. 19.10.2023 ൽ സർക്കാർ വിളിച്ചുചേർത്ത യോഗത്തിന്റെ ഫലമായി അടിയന്തരമായി ഒരു മാസത്തെ ശമ്പളം നൽകുകയുണ്ടായി. ബാക്കി കുടിശ്ശിക കമ്പനിയുടെ പ്രവർത്തനം പൂർണ്ണതോതിലാകുന്നതോടെ മാത്രമേ നിലവിലെ സാഹചര്യത്തിൽ നൽകുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ